**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1743** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. കൈവശം വച്ച് അനുഭവിക്കുന്നതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയ്ക്ക് ആയത് ലഭ്യമാക്കുന്നതിനും പ്രസ്തുത ഉടമസ്ഥതയിലുള്ള ഭൂമിയിലെ കൈയ്യേറ്റക്കാരെ ഒഴിപ്പിച്ചെടുക്കുന്നതിനും വേണ്ടി നിയോഗിച്ച രണ്ട് വിരമിച്ച റവന്യൂ ജീവനക്കാർക്ക് നിയമനം നൽകിയത് മുതൽ ആളൊന്നിന് എത്ര തുക എപ്പോഴൊക്കെ ലഭ്യമാക്കിയെന്ന് അറിയിക്കാമോ; പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് നൽകാമോ; | (എ) | ശ്രീ. വിനോദ് എം.പി. – 5,73,333/- രൂപയും, ശ്രീ. വിനീഷ് എസ്. – 4,58,667/- രൂപയും 17.09.2020 മുതൽ 31.08.2021 കാലയളവിനുള്ളിൽ കൈപ്പറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ശമ്പളം SBI INB (bulk posting) വഴിയാണ് upload ചെയ്യുന്നത്. SBI INB-യിൽ നിന്നും individual receipt എടുക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | പട്ടയം ലഭ്യമാക്കുന്നതിനും ഫയൽ നടപടികൾക്കും കൈയ്യേറ്റ ഭൂമി ഒഴിപ്പിച്ച് തിരിച്ചെടുക്കുന്നതിനുമുള്ള നടപടിക്ക് കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിയ്ക്കുമോ ? | (സി) | അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ